
A
നവധാരയുടെ
ചുഴി
സംഗീതം. ബാബുരാജ്
ഗാനങ്ങൾ. P.A. കാസിം, പൂവച്ചൽഖാദർ

## നവധാരയുടെ "ചുഴി" (മലയാളം)

### തിരശ്ശീലയിൽ

| | |
|---|---|
| സാവിത്രി | എലിസബത്തു് |
| സലാം | ബേബി |
| സുജാത | ബീന |
| എൻ. ഗോവിന്ദൻകുട്ടി | വർഗീസ് |
| കൊട്ടാരക്കര | പാതിരി സക്കറിയ |
| ബഹദൂർ | ഡ്രൈവർ അബ്ബാസ് |
| അബ്ബാസ് | ആൻറണി |
| നിലമ്പൂർ ബാലൻ | പീററർ |
| രവി ശങ്കർ | ഹെൻട്രി |
| അമ്പലപ്പുഴ രാജമ്മ | അന്നാമ്മ |
| അബ്രർ സത്യൻ | കാഷ്യർ സ്വാമി |

### തിരശ്ശീലക്കു പിന്നിൽ

| | |
|---|---|
| മൂല കഥ | എസ്. ജി. മാസ്റ്റർ |
| തിരക്കഥ | എൻ. പി. മുഹമ്മദ് |
| സംഭാഷണം | സലാം കാരശ്ശേരി |
| ഗാനരചന | പി. എം. കാസിം, പൂവച്ചൽ ഖാദർ |
| സംഗീതം | ബാബുരാജ് |
| പിന്നണി ഗാനങ്ങൾ | യേശുദാസ്, എസ്. ജാനകി ആൻേറാ, L. R. ഈശ്വരി, മെഹബൂബ് & ബാബുരാജ് |
| പബ്ളിസിററി ആർട്ട് | എസ്. എ. സലാം |
| കലാസംവിധാനം | പി. കെ. കൃഷ്ണൻ |
| ഛായാഗ്രഹണം | മൂർത്തി |
| എഡിററിംഗ് | രവി |
| പ്രോസസ്സിംഗ് | ന്യൂ ഇറാ ലാബറട്ടറി |
| സ്റ്റുഡിയോ | ന്യൂട്ടോൺ, ശ്യാമള |
| വസ്ത്രാലങ്കാരം | കുമാർ |
| നിശ്ചല ഛായാഗ്രഹണം | ത്രീ സ്റ്റാർസ് |
| മേക്കപ്പ് | കെ. വി. ഭാസ്കരൻ |
| നിർമ്മാണം | ഹുസൈൻ, സലാം |
| സംവിധാനം | സി. കെ. സുകുമാരൻ |
| വിതരണം: | ആൻസൺസ് പിക്ചേഴ്സ് കോട്ടയം. 1 |

## കഥയിലേയ്ക്കു്

വർഗീസ് നാട്ടിലെ അറിയപ്പെടുന്ന പണക്കാരനും എസ്റ്റേററുടമയുമാണു്. സുന്ദരിയായ ഭാര്യ എലിസബെത്ത് — ജോണി, ബീന എന്ന രണ്ടു കുട്ടികൾ — ബീനയുടെ ജനനത്തോടെ ക്രിയാശേഷി നഷ്ടപ്പെട്ട വർഗീസ് ദുഃഖിതനായിത്തീർന്നു. മാത്രമല്ല — ഹൃദ്രോഗവുംകൂടി പിടിപെട്ടപ്പോൾ അയാൾ കൂടുതൽ മാനസികമായി തളർന്നു. വർഗ്ഗീസ് എന്നും മദ്യക്കുപ്പികളെ ആശ്രയിക്കുവാൻ തുടങ്ങി.

ആകസ്മികമായി ആണു് ജോണി മരണപ്പെട്ടതു്. ഏക മകൻെറ വേർപാടു താങ്ങാനുള്ള കരുത്തു് എലിസബത്തിനില്ലായിരുന്നു. ഈ പശ്ചാത്തലത്തിലാണു കഥ ആരംഭിക്കുന്നതു്. എലിസബത്തിൻെറ കരച്ചിൽ നിർത്താൻ സ്നേഹധനനായ വർഗീസിനു കഴിഞ്ഞില്ല. ആശ്വാസവചനങ്ങൾ പരാജയപ്പെട്ടപ്പോൾ വർഗീസ് തൻെറതായ മാർഗ്ഗത്തിലേയ്ക്കു് എലിസബത്തിനെ സ്നേഹബുദ്ധ്യാ ക്ഷണിച്ചു. മദ്യം നിറച്ച ഗ്ലാസ് അയാൾ എലിസബത്തിനുനേരെ നീട്ടി. "അയ്യോ വേണ്ടാ" എന്ന എലിസബത്തിൻെറ ദുർബ്ബലമായ പ്രതിഷേധത്തിനു് സ്നേഹിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്ന വർഗീസിൻെറ ദൃഷ്ടികളുടെ മുമ്പിൽ നിലനിൽപ്പു ലഭിച്ചില്ല. ഭർത്താവു പകർന്നുകൊടുത്ത മദ്യം ഭാര്യ ആ ദുർബ്ബല നിമിഷത്തിൽ കുടിച്ചു. പിന്നീടു് ആ ചുഴിയിൽ നിന്നും അവരെ കരകയററാൻ, മാർഗ്ഗം നിർദ്ദേശിച്ച വർഗീസിനുപോലും കഴിഞ്ഞില്ല.

വർഗീസിൻെറ എസ്റ്റേററു മാനേജർ അന്തോണി വിശ്വസ്തനാണു്. ഏക മകൻ ബേബിയെ പഠിപ്പിച്ചു് വലിയവനാക്കുകയാണു് അയാളുടെ ജീവിതലക്ഷ്യം. പക്ഷേ ബേബിയാകട്ടെ പഠിപ്പിനേക്കാൾ താൽപ്പര്യം കാണിക്കുന്നതു് മററു വിഷയങ്ങളിലാണു്. കോളേജിൽ എല്ലാ നിലയ്ക്കും "ഹീറോ" ആയിത്തീർന്ന ഈ യുവാവിനെ അതുകൊണ്ടുതന്നെ അവിടെനിന്നും പുറത്താക്കുന്നു.

എലിസബത്തിൻെറ മദ്യപാനാസക്തി ഭർത്താ

വിനെ വേദനിപ്പിച്ചു. ആ വേദനയിൽ വർഗീസ് ഒരു ദിവസം ഹൃദയസ്തംഭനം മൂലം മരിച്ചു അമ്മയേയും മകളേയും ആ സംഭവം തളർത്തി.

എലിസബത്തിൻെറ ഒരകന്നബന്ധത്തിൽപ്പെട്ട പീററർ തൻെറ മകൻ ഹെൻട്രിയെക്കൊണ്ടു് ബീനയെ വിവാഹം കഴിപ്പിച്ചു് വർഗീസിൻെറ ഭാരിച്ച സ്വത്തുക്കൾ കൈക്കലാക്കാൻ ശ്രമിക്കുന്നു. പക്ഷേ എലിസബത്തു് അതിനു വിസമ്മതിച്ചു.

വർഗീസിൻെറ മരണത്തോടെ എലിസബത്തു് പൂർണ്ണമായും മദ്യത്തിനടിമപ്പെട്ടു. ബീന ആശ്വാസം കണ്ടെത്തുന്നതു് പള്ളിയിലാണു്.

അവളെ ആശ്വസിപ്പിക്കാൻ നല്ലവനായ പാതിരി സക്കറിയ മുന്നോട്ടു വരുന്നു.

ഇതിനിടയ്ക്കു് എസ്റ്റേററു മാനേജർ അന്തോണിയുടെ രോഗവും പ്രായവും കാരണം എസ്റ്റേററു ഭരണം കൂടുതൽ സങ്കീർണ്ണമാകുന്നു. അന്തോണിയുടെ മകൻ ബേബിക്കു് എലിസബത്തു് ജോലി കൊടുക്കുന്നു.

ബേബിക്കു ജോലി കൊടുക്കുന്നതിൽ അഭിപ്രായമില്ലാത്ത മകളെ എലിസബത്തു് ന്യായവാദങ്ങൾ കൊണ്ടു തോൽപ്പിക്കുന്നു. തുടർന്നു് എസ്റ്റേററുഭരണം ഏറെറടുക്കുന്ന ബേബി തൻെറ കഴിവുകൾ തെളിയിക്കുകയും ചെയ്യുന്നു. അതോടെ ബേബിയും എലിസബത്തും തമ്മിൽ കൂടുതൽ അടുക്കുന്നു. ഭർത്താവിൻെറ മരണശേഷം മദ്യം കിട്ടാതെ ഉഴലുന്ന എലിസബത്തു് ബേബിയിൽ ഒരു നല്ല സഹായിയെ കണ്ടെത്തുന്നു. പല സന്ദർഭങ്ങളിലും അവർ ഒരുമിച്ചിരുന്നു മദ്യപിക്കുക പതിവായി. കുടിച്ചു് അവശയായി അർദ്ധബോധാവസ്ഥയിൽ ബേബിയുമായി അമ്മയെ ഒരു മുറിയിൽ കണ്ട മകൾ ഞെട്ടിത്തെറിച്ചുപോയി. അമ്മയിൽനിന്നും ബേബിയെ അകററുന്നതെങ്ങനെ? പലവിധ മാർഗ്ഗങ്ങൾ ആലോചിക്കുന്ന ബീന അവസാനം ഒരു തീരുമാനത്തിലെത്തുന്നു. ബേബിയെ വിവാഹം കഴിക്കുക! പാതിരി സക്കറിയായോടു് അവൾ അതു തുറന്നു പറഞ്ഞപ്പോൾ നല്ലവളായ ആ പെൺകുട്ടി

യുടെ . ത്യാഗബുദ്ധിയിൽ പാതിരി അത്ഭുതപ്പെടുന്നു. ദുർവൃത്തനായ ബേബിയെ നല്ലവനാക്കാൻ കഴിയുമോ? എന്ന പാതിരിയുടെ ചോദ്യത്തിനു് നന്മയ്ക്കുതിനു കഴിയേണ്ടതല്ലേ? ''എന്ന ബീനയുടെ മറു ചോദ്യം പാതിരിയിൽ വിശ്വാസം പകരുകതന്നെ ചെയ്തു.

തുടർന്നു ബീന ബേബിയുമായി അടുക്കുന്നു വിവരം എലിസബത്തു് അറിഞ്ഞു. അസൂയാലുവായ പീററർ എരിയുന്ന തീയിൽ എണ്ണയൊഴിക്കാൻ എത്തുന്നതോടെ അമ്മയും മകളും തമ്മിൽ പൊരിഞ്ഞ വാഗ്വാദം തന്നെ നടക്കുന്നു. തൻെറ തീരുമാനത്തിൽ ഉറച്ചുനിന്ന ബീനയെ പിന്തിരിപ്പിക്കാൻ എലിസബത്തിനു കഴിഞ്ഞില്ല. മാത്രവുമല്ല, ബീനയ്ക്കുവേണ്ടി വാദിക്കാൻ പാതിരി സക്കറിയാ രംഗത്തെത്തുന്നതോടെ എലിസബത്തിനു കീഴടങ്ങേണ്ടിവന്നു.

വിവാഹം കഴിഞ്ഞ ബീനയും ബേബിയും എസ്റ്റേററിലെ മറെറാരു ബംഗ്ളാവിലേയ്ക്കു് മാറിതാമസിക്കുന്നു. പരുക്കനായ ബേബിയിൽ ഒരു നല്ല ഭർത്താവിനെ സൃഷ്ടിക്കാൻ ബീനയ്ക്കു് കഴിഞ്ഞുവെങ്കിലും അവൻെറ ദുർവൃത്തികളിൽ നിന്നും പൂർണ്ണമായി പിന്തിരിപ്പിക്കാൻ സാധിച്ചില്ല.

മാസങ്ങൾ കഴിഞ്ഞു. ബീന ഗർഭിണിയാവുന്നു. വിവരമറിയിക്കുവാൻ മാസങ്ങൾക്കു ശേഷം അവൾ ഹിൽവ്യൂബംഗ്ളാവിൽ എത്തുന്നു. അമ്മയും മകളും പരസ്പരം മറന്നു കെട്ടിപ്പിടിക്കുന്നു. പക്ഷേ മകളുടെ ഗർഭവിവരമറിഞ്ഞ എലിസബത്തു് മകളെ ആശ്ലേഷത്തിൽ നിന്നും വിമുക്തയാക്കുന്നു. സന്തോഷിക്കേണ്ട ആ സന്ദർഭത്തിൽ എലിസബത്തു് എന്ന അമ്മ ഞെട്ടി പുറകോട്ടു മാറുന്നു....ഭൂമി കറങ്ങുന്നുണ്ടോ?!!... അവർ കിടക്കയിലേക്കു തളർന്നുവീഴുന്നു. ബീനയുടെയും വേലക്കാരി അന്നാമ്മയുടെയും കരച്ചിൽ ആ മുറിയിൽ പ്രതിദ്ധ്വനികൾ സൃഷ്ടിക്കുന്നു. കഥയിലെ ബാക്കി സംഭവങ്ങൾ നടക്കുന്നതു് ഏതാനും മണിക്കൂറുകളിലാണു്. കഥയുടെ കാതലായ ഈ രംഗങ്ങൾ കാണുവാൻ പ്രദർശനശാലകളിലെത്തുക.

ഗാനം: 1

രചന: പി. എം. കാസിം

സംഗീതം: ബാബുരാജ്

പാടിയതു്: എച്ച്. മെഹബൂബ് & കോറസ്

കണ്ടു രണ്ടുകണ്ണു്
കതകിൻ മറവിൽ നിന്നു്
കരിനീല കണ്ണുള്ള പെണ്ണു്
കുറുനിര പാറത്തണ്ണ പെണ്ണു്
(കണ്ടു രണ്ടു കണ്ണു്...)

ആപ്പിള് പോലത്തെ കവിള്-ഹാ
നോക്കുമ്പം കാളുന്നു് കരള്
പൊന്നിൻ കടം മെല്ലെ കുലുക്കും
അന്നപ്പിടപോലേ അടിവെച്ച് നടക്കും
(കണ്ടു രണ്ടു കണ്ണു്)

കനുചില്ലി കൊടി കാട്ടി വിളിക്കും
കടമുല്ല മൊട്ട് കാട്ടി ചിരിയ്ക്കും
കുണുങ്ങി കുണുങ്ങി കൊഞ്ചി കുഴഞ്ഞാടി
പിണങ്ങിയും ഇണങ്ങിയും മനസ്സിനേ കുടുക്കും
(കണ്ടു രണ്ടു കണ്ണു്)

ഗാനം: 2
രചന: പൂവച്ചൽ ഖാദർ
സംഗീതം: ബാബുരാജ്
പാടിയത്: ബാബുരാജ്

ഒരു ചില്ലി കാശുമെനിക്ക് കിട്ടിയതില്ലല്ലോ...
വെയിലിൽ നടന്നു മീരുന്നു മിന്നും തളർന്നല്ലോ...
വയറിൽ വിശപ്പിൻെറ പത്താമുത്സവമായല്ലോ...
വരളുന്ന ചുണ്ടു നനയ്ക്കാനും വഴിയില്ലല്ലോ...
(ഒരു ചില്ലി)

സിന്ദൂര പൊട്ടുകുത്തി തത്തമ്മ ക്കൂട് ഇളക്കി
കൊഞ്ചികുഴഞ്ഞുലഞ്ഞ് വരുന്നതാരോ...
ബസ്സ്റ്റോപ്പിലെത്തും നേരം,
പൂവാലന്മാർക്ക് നൽകാൻ
മുട്ടായി ചിരിയുമായ് വരുന്നതാരോ...

ചായക്കടയിൽവെച്ച് ഇന്നലേ കണ്ടപ്പോൾ
കാണാത്ത മട്ടിലിരുന്നവൻ-എന്നെ
കാണാത്ത മട്ടിലിരുന്നവൻ
പാതിരാ നേരത്ത് പിന്നെ ഞാൻ വന്നപ്പോൾ
ലോഹ്യം പറയുവാൻ വന്നവൻ-ഒരു
ലോഹ്യം പറയുവാൻ വന്നവൻ...(ചായക്കട...)

ഒരു കൊച്ചു ബീഡി വലിക്കാൻ, ചായകുടിയ്ക്കാൻ,
കാശുതേടി
അലയുമ്പോളെന്നുടെ മുന്നിൽവന്നൊരു കുഞ്ഞാലി..
ഒരു ചായക്കെനിക്കു നീ പൈസ തരാണ്ട്
പോയീടല്ലെ...
അകലത്തേ നാട്ടിൽനിന്നും വന്നൊരു കുഞ്ഞാലി...
(ഒരു കൊച്ച്...)

ഗാനം: 3
രചന: പി. എം. കാസിം
സംഗീതം: ബാബുരാജ്
പാടിയതു്: യേശുദാസ്

മധുര മധുര മീ മധുപാനം-ഒരു
മാദക ലഹരിയാണീ ഭുവനം
ആനന്ദ ലഹരിയിലാടി ആറാടും
ഒടുവിൽ കദനക്കടലിൽ ചാടും

(മധുര...)

സുന്ദര ജീവിത സുഖമാകെനുകർന്നും
മുന്തിരിച്ചാറിൽ നീന്തിത്തളർന്നും
തീരാത്ത മോഹ വലയിൽ വീഴും
തോരാത്ത കണ്ണീർ ചുഴിയിൽ താഴും...

(മധുര...)

മധുര രസങ്ങൾ കയ്പായ് മാറും...
അധരത്തിനെല്ലാം വെറുപ്പായ് തീരും...
മധുര മുലകിൽ വ്യാമോഹം മാത്രം...
ഒടുവിൽ അന്ത നിരാശമാത്രം...

(മധുര..)

ഗാനം 4
രചന: പൂവച്ചൽ ഖാദർ
സംഗീതം: ബാബുരാജ്
പാടിയതു്: സി ഒ. ആന്റോ & എൽ. ആർ. ഈശ്വരി

കാട്ടിലേ മന്ത്രീ...
കാട്ടിലേ മന്ത്രി കൈക്കൂലി വാങ്ങാൻ
കയ്യൊന്നു് നീട്ട രാമാ...ആ കയ്യൊന്നു നീട്ടരാമാ
നാട്ടിലിറങ്ങി വോട്ടു് പിടിക്കാൻ
വേഷം കെട്ട രാമാ... നല്ല
വേഷം കെട്ട രാമാ.. കഞ്ചിരാമാ... (കാട്ടിലെ....)

ജാഥ നയിക്കുവതെങ്ങനെ നീ?....
കതികാൽ വെട്ടുവതെങ്ങനെ നീ?....
ചക്കാത്തു് കാറിൽ ഉൽഘാടനത്തിനു്
നാടകം ചുററണതെങ്ങനെ നീ? (കാട്ടിലെ... )

പുറകിലെ കീശയിലെന്താണു്?
പുതിയൊരു പാർട്ടി ടിക്കററോ?
പുലിവാലാണീ രാഷ്ട്രീയം
കുരങ്ങുകളിയായി മാററരുതേ....നീയതു്
കുരങ്ങുകളിയായി മാററരുതേ ...(കാട്ടിലെ....)

ഗാനം: 5
രചന: പൂവച്ചൽ ഖാദർ
സംഗീതം: ബാബുരാജ്
പാടിയതു്: എസ്. ജാനകി

ഹൃദയത്തിൽ നിറയുന്ന മിഴിനീരാൽ ഞാൻ
തൃക്കാൽ കഴുകുന്നു നാഥാ..,
ദുഃഖത്തിൽ നിന്നെന്നെ, വീണ്ടെടുക്കേണമേ...
എല്ലാമറിയുന്ന താതാ...

(ഹൃദയത്തിൽ...)

ബന്ധങ്ങൾ നൽകിയ മുൾമുടി ചൂടി ഞാൻ
നിൻ തിരു മുന്നിലായ് നിൽപ്പൂ..
പെണ്ണിൻെറ കണ്ണുനീർ കണ്ടു് കരഞ്ഞ നീ
എന്നെയും കൈവെടിയല്ലേ...

(ഹൃദയത്തിൽ...)

പണ്ടെന്നെ തഴുകിയ പാണികളിന്നൊരു
പാപത്തിൻ പാത്രം നിറസ്സുമ്പോൾ
രക്ഷതൻ മാർഗ്ഗങ്ങൾ കാട്ടേണമേ...
രക്ഷകാ നീയെന്നെ കാക്കേണമേ..

(ഹൃദയത്തിൽ....)

ഗാനം: 6
രചന: പൂവച്ചൽ ഖാദർ
സംഗീതം: ബാബു രാജ്
പാടിയത്: യേശുദാസ്

അക്കൽ ദാമയിൽ പാപം പേറിയ
ചോരത്തുള്ളികൾ വീണു.
പൊട്ടിച്ചിരിയാൽ ഭ്രാന്താത്മാവുകൾ
എത്രയുണർന്നു വീണ്ടും..എത്രയുണർന്നു വീണ്ടും....
(അക്കൽദാമ....)

കാലം തീർക്കും കറുത്ത പുഴകളിൽ
പാവം മാനവനൊഴുകുന്നു....
നീളും നീലപ്പാതകൾ നീളെ....
നിത്യവു മവനേ വിളിക്കുന്നു ...ഹൃദയം
സത്യം കാണാതലയുന്നു....
(അക്കൽ ദാമ....)

മുന്തിരി വള്ളികൾ പന്തലൊരുക്കിയ
കൽപ്പകവാടികയിൽ
ഒരു പാപത്തിൻ കനിവിളയുന്നു....
കഴുകൻ താണു വരുന്നു....ചിറകടി
കരളിനേ കീറിമുറിക്കുന്നു....
(അക്കൽദാമ....)

## പ്രതീക്ഷിക്കുക!

നവധാരയുടെ അടുത്ത ചിത്രം.

# 'ഒഴുക്ക്'

കഥ: സലാം കാരശേരി.

തിരക്കഥ, സംഭാഷണം. } ഷെരീഫ്.

സംഗീതം. ബാബുരാജ്.

K. BABU
CINEMA SONG
(Near Shenoy's
M.G. Road
COCHIN-1

സംവിധാനം.

ബി. കെ. പൊററക്കാട്ട്.

---

ANSONS PICTURES, PALACE ROAD,
KOTTAYAM. 1.